ശ്രീകണ്ഠപുരം-അരിമ്പ്ര, അടൂർ, കൊളന്ത, കുടിയാൻമല, ആലക്കോട്-നെടുങ്കോട്, ചീക്കാട്, കുനാക്കുന്ന്, വായാട്ടുപറമ്പ, കോട്ടക്കടവ്, കോട്ടൊപ്പള്ളി, കൂടപ്രം, അരങ്ങം, ആനക്കുഴി, മാറുംചാൽ, ആശാൻകവല, മേരിഗിരി, വട്ടകയ്യം, മീൻപട്ടി ഇരിക്കൂർ-ബ്ലാത്തൂർ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ എ.പി.ഡി.ആർ. പി. പദ്ധതി പ്രകാരം പയ്യന്നൂർ സെക്ഷനിൽ 32 ട്രാൻസ്ഫോർമറും വെള്ളൂർ സെക്ഷനിൽ 2 എണ്ണവും തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ തളിപ്പറമ്പ് സെക്ഷനിൽ 11 എണ്ണവും കരിമ്പം സെക്ഷനിൽ 10 എണ്ണവും ധർമ്മശാല സെക്ഷനിൽ ആറെണ്ണവും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

തലശ്ശേരി ഡിവിഷൻ

ഇരിട്ടി സെക്ഷനിൽ കുട്ടി ചാത്തൻക്കുണ്ട്, എടൂർ, നാടുകാണി, വികാസ്നഗർ, വളാത്തോട്, ഇരിട്ടി പോസ്റ്റ് ഓഫീസ്, കല്ലുമുട്ടി.

(ഡി) പയ്യന്നൂർ ഡിവിഷനിൽ 8 വർക്കുകൾ ടെണ്ടർ ചെയ്ത് പ്രവൃത്തി നടന്നുകൊണ്ടിരിക്കയാണ്.

കെ. എസ്. ഇ. ബി. സബ് ഡിവിഷനോടനുബന്ധിച്ചുള്ള കൊമേഴ്സ്യൽ കോംപ്ലക്സ്

196 [1138] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടിയം കെ. എസ്. ഇ. ബി. സബ്ഡിവിഷനോടനുബന്ധിച്ച് മാസങ്ങൾക്കുമുമ്പ് ഉദ്ഘാടനം ചെയ്യപ്പെട്ട കൊമേഴ്സ്യൽ കോംപ്ലക്സ് വാടകക്കാർക്ക് നൽകാതെ അടച്ചിട്ടിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എത്രയും വേഗം വാടകക്കാർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. 7-6-2005-ൽ ലേലം നടത്തുകയുണ്ടായി. മേൽനടപടികൾ എടുത്തുവരുന്നു.

അഴീക്കോട് പഞ്ചായത്തിൽ കെ. എസ്. ഇ. ബി. ക്ക് സ്വന്തം കെട്ടിടം പണിയാൻ നടപടി

197 [1139] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് സ്വന്തം കെട്ടിടം പണിയണമെന്ന ആവശ്യത്തിൻമേൽ ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(ബി) കെട്ടിടം പണി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിലുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിടം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ട്. ബോർഡിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പണി ടെണ്ടർ ചെയ്യാവുന്നതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി

198 [1140] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *സ്റ്റീഫൻ ജോർജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ വൈദ്യുതി കണക്ഷന് അപേക്ഷിച്ച് വർഷങ്ങളായി പരാതികൾ നൽകിയിട്ടും നടപടിയെടുക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ;

(സി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ പെന്റിംഗിൽ ഉണ്ടെന്നും അപേക്ഷകർ ആരെല്ലാമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിന് പ്രത്യേക മുൻഗണനയിൽ കണക്ഷൻ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly